ഉത്തരം

(എ&ബി) എടയാർ-ആലച്ചേരി റോഡിന്റെ കി.മീ. 2/100 മുതൽ 5/000 വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി ഒരു കോടി രൂപ അപ്ഗ്രഡേഷൻ പാക്കേജിൽ അനുവദിക്കുകയും പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുകയുമുണ്ടായി. എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതിനാൽ കരാറുകാരനെ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാറിൽ നിന്നൊഴിവാക്കുകയുണ്ടായി. തുടർന്ന് രണ്ടു തവണ റീ-ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ മത്സരാധിഷ്ഠിത ക്വട്ടേഷൻ വിളിക്കുകയും ഒരു ക്വട്ടേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ക്വട്ടേഷൻ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്.

പ്ലാവിള-കോട്ടുകോണം റോഡിന്റെ നിർമ്മാണപുരോഗതി

289 (1333) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ പ്രാദേശികവികസന ഫണ്ടിൽ നിന്നും 27 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്നതിനായി 2013 സെപ്തംബറിൽ കരാർ ഒപ്പിട്ട നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ പ്ലാവിള-കോട്ടുകോണം റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുന്നക്കാമുഗൾ വാർഡിലെ പ്ലാവിള-കോട്ടുകോണം റോഡിന്റെ രണ്ട് മെറ്റലിംഗ് ജോലികൾ, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ പൂർത്തിയായി. ടാറിംഗ്, വെള്ളക്കെട്ടുള്ള ഭാഗത്ത് ഇന്റർലോക്ക് ടൈലിംങ്ങ്, ഒരു ബൈറോഡ് കോൺക്രീറ്റ് എന്നീ പ്രവൃത്തികളാണ് അവശേഷിക്കുന്നത്.

(ബി) കരാറുകാരന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച കാരണമാണ് പ്രവൃത്തി, നിശ്ചിത സമയത്തിന് പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നത്.

കൊങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് അനുവദിച്ച തുക

290 (1334) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം SRIP, SDRF എന്നിവയിൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് എത്ര രൂപ അനുവദിച്ചു എന്ന് റോഡുകളുടെ പേര് ഉൾപ്പെടെയുള്ള വിശദവിവരം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly